LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ബോർഡിനുണ്ടായ നഷ്ടം

7 [1684] ശ്രീ. വി.കെ.സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിനുണ്ടായ നഷ്ടത്തെക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) വൈദ്യുതി ബോർഡിനുണ്ടാകുന്ന നഷ്ടം കുറയ്ക്കാൻ താരിഫ് കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം ബോർഡിന് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് താരിഫ് കമ്മീഷൻ ബോർഡിന് നൽകിയിട്ടുള്ളത്;

(ഡി) ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുന്ന വൈദ്യുതി ചാർജ്ജ് വർദ്ധനവ് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഉണ്ട്. ഈ വർഷം മഴയുടെ ദൗർലഭ്യംമൂലം വൈദ്യുതി ബോർഡിന് 720 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) ഉണ്ട്. ബോർഡിനുണ്ടാകുമെന്ന് കണക്കാക്കിയിട്ടുള്ള വരുമാനക്കമ്മി സർക്കാർ സബ്സിഡി നൽകിയും ഡ്യൂട്ടി ഇളവ് നൽകിയും നികത്തണമെന്ന് നിർദ്ദേശിച്ചതോടൊപ്പം ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ചില നിർദ്ദേശങ്ങൾ കൂടി കമ്മീഷൻ നൽകുകയുണ്ടായി.

(സി) പ്രസ്തുത നിർദ്ദേശങ്ങളുടെ ഒരു സംക്ഷിപ്തം † അനുബന്ധമായി ചേർക്കുന്നു.

(ഡി) വൈദ്യുതി ചാർജ്ജ് സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുന്നത്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. 2003-2004 വർഷം നിലവിലുള്ള നിരക്കുകൾ മാറ്റമില്ലാതെ തുടരുവാൻ അനുവാദം നൽകിയിട്ടുണ്ട്. 2004-05 വർഷത്തെ ബോർഡിന്റെ മൊത്ത വരുമാന ആവശ്യകതയും, ചാർജ്ജിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാനവും സംബന്ധിച്ച് കമ്മീഷൻ തീരുമാനമെടുക്കുന്ന മുറയ്ക്ക്, ആവശ്യമാണെന്നുവന്നാൽ; താരിഫ് വർദ്ധനവ് സംബന്ധിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.